കൊയിലാണ്ടി താലൂക്കിലെ എ.ആർ.ഡി. 12-ാം നമ്പർ ഷോപ്പ്

73 (4424) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് സപ്ലൈഓഫീസറുടെ കീഴിലുള്ള എ.ആർ.ഡി. 12-ാം നമ്പർ ഷോപ്പ് ആരാണ് നടത്തുന്നത് ; വിശദമായ മേൽവിലാസം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഷോപ്പിൽ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന പരാതി ലഭിച്ചിരുന്നുവോ ; ആരാണ് പരാതി നൽകിയിരുന്നത് ;

(സി) പ്രസ്തുത ഷോപ്പിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നുവോ ; ഏതെല്ലാം ഉദ്യോഗസ്ഥരാണ് പരിശോധന നടത്തിയത് ;

(ഡി) പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ക്രമക്കേട് കണ്ടെത്തിയെങ്കിൽ എന്തെല്ലാം നടപടികളാണ് പ്രസ്തുത ഷോപ്പ് ഉടമയ്ക്ക് എതിരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ 12-ാം നമ്പർ റേഷൻകട 30-6-2010-ൽ കൊയിലാണ്ടിയിലെ ചേലിയ, പുനത്തിൽ വീട്ടിൽ അബ്ദുൾ ഷുക്കൂർ എന്നയാളാണ് നടത്തിവന്നിരുന്നത്. 30-6-2010-ന് ടി കടയിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ടി കടയുടെ അംഗീകാരം 1-7-2010-ന് അന്വേഷണവിധേയമായി തടഞ്ഞു വയ്ക്കുകയും എ.ആർ.ഡി. 35-ന്റെ ലൈസൻസിയായ കൊല്ലം തിരുമംഗലത്ത് ശ്രീ. റ്റി. എം. ഗംഗാധരൻ എന്നയാൾക്ക് അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഫോൺ മുഖാന്തിരം 30-6-2010-ന് പരാതി ലഭിച്ചിരുന്നു. പരാതിക്കാരൻ പേര് വ്യക്തമാക്കിയിരുന്നില്ല.

(സി) സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു.

കൊയിലാണ്ടി ഫർക്കയുടെ അധിക ചുമതലയുള്ള ബാലുശ്ശേരി ഫർക്ക റേഷനിംഗ് ഇൻസ്പെക്ടറും പയ്യോളി, പേരാമ്പ്ര, മേപ്പയ്യൂർ റേഷനിംഗ് ഇൻസ്പെക്ടർമാരും ചേർന്ന് താലൂക്ക് സപ്ലൈ ഓഫീസറുടെ നിർദ്ദേശപ്രകാരം പരിശോധന നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. സ്റ്റോക്കിൽ എ.പി.എൽ. പച്ചരി - 385 കി.ഗ്രാം, ബി.പി.എൽ. പുഴുക്കലരി - 538 കി.ഗ്രാം, എ.എ.വൈ. പുഴുക്കലരി - 369 കി.ഗ്രാം എന്നിവ കുറവു കണ്ടു.

2. എ.പി.എൽ. ഗോതമ്പ് 90 കി.ഗ്രാം, ബി.പി.എൽ. ഗോതമ്പ് 71 കി.ഗ്രാം എന്നിവ കുറവ് കണ്ടു.

3. പഞ്ചസാരയുടെ സ്റ്റോക്കിൽ 3.400 കി.ഗ്രാം കുറവ് കണ്ടു.

4. അന്നപൂർണ്ണ അരിയുടെ സ്റ്റോക്കിൽ 10 കി.ഗ്രാം കുറവ് കണ്ടു.

5. അഡ്ഹോക്ക് അലോട്ട്മെന്റ് പുഴുക്കലരി 635 കി.ഗ്രാം കുറവ് കണ്ടു.

6. അഡ്ഹോക്ക് അലോട്ട്മെന്റ് ഗോതമ്പ് 800 കി.ഗ്രാം കുറവ് കണ്ടു.

7. എ.പി.എൽ. (എസ്.എസ്.) പുഴുക്കലരി 360 കി.ഗ്രാം കുറവ് കണ്ടു.

8. എ.പി.എൽ. (എസ്.എസ്.) ഗോതമ്പ് 77 കി.ഗ്രാം കുറവ് കണ്ടു.

9. 29-6-2010-ലെ വിൽപ്പന സംക്ഷിപ്തം എഴുതിയിട്ടില്ല.

10. 30-6-2010-ന് വിൽപ്പന ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

മേൽ കൊടുത്തിരിക്കുന്ന പ്രകാരം 2297 കി.ഗ്രാം അരി, 1038 കി.ഗ്രാം ഗോതമ്പ്, 3.400 കി.ഗ്രാം പഞ്ചസാര എന്നിവ ദുരുപയോഗം ചെയ്തതായി കണ്ടെത്തി.

(ഇ) പ്രസ്തുത കടയുടമയുടെ അംഗീകാരം 1-7-2010-ന് അന്വേഷണ വിധേയമായി തടഞ്ഞുവച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂരിലെ വലിയപറമ്പിൽ പൊതുവിതരണ കേന്ദ്രം

74 (4425) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് നിവാസികൾക്ക് പൊതുവിതരണ കേന്ദ്രം അപ്രാപ്യമാകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പു ഗ്രാമപഞ്ചായത്തിലെ 2300-ഓളം കാർഡുടമകളിൽ 2000-ത്തോളം കാർഡുടമകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നാണ് റേഷൻ വിഹിതം വാങ്ങിവരുന്നത്. അവശേഷിക്കുന്ന 300 കാർഡുടമകൾ തൃക്കരിപ്പൂർ

LIBRARY ARCHIVES Kerala Legislative Assembly